**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5444** **15-03-2023 - ൽ മറുപടിയ്ക്ക്**

**കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചവരിൽ നിന്നും പുതിയ വർഷത്തെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (എ) | 5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം (കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി). പദ്ധതി ഗുണഭോക്താക്കളെ സാമ്പത്തിക വർഷം തിരിച്ചാണ് തെരഞ്ഞെടുക്കുന്നത്. 24.10.2022 മുതൽ 31.01.2023 വരെ ലഭിച്ച 29 അപേക്ഷകൾ 02.02.2023 ന് കൂടിയ പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് 22 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽ 22 ഗുണഭോക്താക്കൾക്ക് കോക്ലിയാർ ഇംപ്ലാന്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ആയത് അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമോ? | (ബി) | പദ്ധതിയുടെ സ്റ്റേ ലെവൽ ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത തുടർ നടപടിക്രമങ്ങൾ കഴിഞ്ഞാൽ കമ്പനിക്ക് സപ്ലൈ ഓർഡർ നൽകി 14 ദിവസത്തിനുള്ളിൽ ഇംപ്ലാന്റ് ബന്ധപ്പെട്ട ആശുപത്രികളിൽ എത്തിക്കുകയും ആശുപത്രി നടപടിക്രമങ്ങൾ പൂർത്തിയാക്കി സർജറി നടത്തുകയുമാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ